150 YEARS OF CELEBRATING THE MAHATMA

Break the chain

<u>സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ</u>
<u>(ഹാജർ : ഷീബ ജോർജ്ജ് IAS)</u>

ഉത്തരവ് നം:E5-1810/2020-SJD

തിരുവനന്തപുരം
തീയതി: 23/09/2020

വിഷയം :- സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - കോവിഡ്-19-ഓഫീസുകൾ 100% ശതമാനം ജീവനക്കാരെയും ഉൾപ്പെടുത്തി പൂർണ്ണതോതിൽ പ്രവർത്തിപ്പിയ്ക്കുന്നത് -ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

പരാമർശം:- 1. G.O (Rt)No.756/2020/DMD Dated :22.09.2020 നമ്പർ സർക്കാർ ഉത്തരവ്

കോവിഡ്-19 രോഗ പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി സർക്കാർ ഓഫീസുകളുടെ പ്രവർത്തനത്തിന് ജീവനക്കാരുടെ ഹാജർ സംബന്ധിച്ച് ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങൾ ഓഫീസുകളുടെ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിച്ചിട്ടുള്ള സാഹചര്യത്തിൽ സർക്കാർ ഓഫീസുകൾ 100% ശതമാനം ജീവനക്കാരെയും ഉൾപ്പെടുത്തി കോവിഡ്-19 പ്രതിരോധ മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ട് പ്രവർത്തിപ്പിയ്ക്കുന്നതിന് പരാമർശപ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സാമൂഹ്യനീതി ഡയറക്ടേറ്റ് , ജില്ലാ സാമൂഹ്യനീതി ഓഫീസ് , ജില്ലാ പ്രോബേഷൻ ഓഫീസ് ,വകുപ്പിൻ കീഴിലെ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ എല്ലാ ജീവനക്കാരും ജോലിയ്ക്ക് ഹാജരാകേണ്ടതും കോവിഡ് പ്രോട്ടോക്കോൾ കൃത്യമായി പാലിച്ച് കൊണ്ട് ഓഫീസ് ജോലികൾ നിർവ്വഹിയ്ക്കേണ്ടതുമാണ് .

ജീവനക്കാർ ഓഫീസുകളിൽ സാമൂഹിക അകലം പാലിക്കുക, മാസ്ക് ധരിക്കുക സോപ്പ്/ സാനിറ്റൈസർ ഉപയോഗിച്ച് കൈകൾ വൃത്തിയാക്കുക മുതലായ നിർദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്

(ഒപ്പ്)
**സാമൂഹ്യനീതി ഡയറക്ടർ**

എല്ലാ ജീവനക്കാർക്കും

<u>പകർപ്പ് :</u>

1. എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും., എല്ലാ ജില്ലാ പ്രൊബേഷൻ ഓഫീസർമാർക്കും
2. എല്ലാ സ്ഥാപന മേധാവികൾക്കും.
3. വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിന് .
4. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം
[signature]
സൂപ്രണ്ട്